**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2168** **30-07-2021 - ൽ മറുപടിയ്ക്ക്**

**ഫോറസ്റ്റ് ഡിപ്പോ വാച്ചർ തസ്തികയിലെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. പി. ടി. തോമസ് ,<br>ശ്രീ . ഷാഫി പറമ്പിൽ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ഫോറസ്റ്റ് ഡിപ്പോ വാച്ചർ തസ്തികയിലെ ഒഴിവുകളുടെ എണ്ണം എത്രയെന്നറിയിക്കുമോ; ഒഴിവുകൾ യഥാസമയം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | ഫോറസ്റ്റ് ഡിപ്പോ വാച്ചർ തസ്തികയിലേക്ക് മാത്രമായിട്ടല്ല പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നത്. റിസർവ്വ് വാച്ചർ, ഡിപ്പോ വാച്ചർ, സർവ്വേ ലാസ്കർ, ടിമ്പർ സൂപ്പർവൈസർ എന്നീ തസ്തികകളിലേക്കും കൂടിയാണ് പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നത്. നിലവിൽ ടി തസ്തികകളിലെല്ലാം കൂടി ആകെ ഒമ്പത് ഒഴിവുകളുണ്ട്. അതിൽ മൂന്ന് ഒഴിവുകൾ എൻ.ജെ.ഡി. ആണ്. ടി ഒഴിവുകളെല്ലാം തന്നെ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത തസ്തികയിൽ നിലവിൽ ജോലി ചെയ്തു വരുന്നവർക്ക് യഥാസമയം സ്ഥാനക്കയറ്റം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | പ്രസ്തുത തസ്തികയിലുള്ളവർക്ക് നേരിട്ട് സ്ഥാനകയറ്റം നൽകുന്നില്ല. ജില്ലാ അടിസ്ഥാനത്തിലുണ്ടാവുന്ന ക്ലാർക്ക്, ടൈപ്പിസ്റ്റ് തസ്തികകളിൽ ഒരോ ജില്ലയിലും ഉണ്ടാകുന്ന ഒഴിവുകളുടെ 10% ഒഴിവുകളിലേക്ക് ടി തസ്തികകളുടെ ശമ്പള സ്കെയിലിനേക്കാൾ താഴ്ന്ന ആറ് ശമ്പള സ്കെയിലിൽ ഉള്ള (ഓഫീസ് അറ്റൻഡന്റ്, വാച്ചർ തസ്തികയിൽ ഉള്ളവർ ഉൾപ്പെടെ) ജീവനക്കാർക്ക് യോഗ്യതയുടെയും സീനിയോരിറ്റിയുടെയും അടിസ്ഥാനത്തിൽ ജില്ലാതല സംയോജിത സീനിയോരിറ്റി ലിസ്റ്റിൽ നിന്നും ക്ലാർക്ക്/ടൈപ്പിസ്റ്റുമാരായി തസ്തികമാറ്റം നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ